**ഹോമിയോപ്പതി വകുപ്പിലെ ഡി.പി.സി.**

104 (6809) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹോമിയോപ്പതി വകുപ്പിൽ ചീഫ് മെഡിക്കൽ ഓഫീസർമാരുടെയും ആശുപത്രി സൂപ്രണ്ടുമാരുടെയും എത്ര ഒഴിവുകൾ ഉണ്ട് ;

(ബി) ഹോമിയോപ്പതി വകുപ്പിൽ ലോവർ ഡി.പി.സി. കൂടിയിട്ട് എത്ര കാലമായി ;

(സി) ഡി.പി.സി.കൂടി പ്രൊമോഷൻ നൽകാൻ വേണ്ട നടപടി ഉടൻ സ്വീകരിക്കുമോ ;

**ഉത്തരം**

(എ) ഹോമിയോപ്പതി വകുപ്പിൽ ചീഫ് മെഡിക്കൽ ഓഫീസർമാരുടെ 31 ഒഴിവുകളും ആശുപത്രി സൂപ്രണ്ടുമാരുടെ 14 ഒഴിവുകളും നിലവിലുണ്ട്.

(ബി&സി) സീനിയർ സൂപ്രണ്ട് തസ്തികയിലേക്കുള്ള ഡി.പി.സി. (ലോവർ) മീറ്റിംഗ് 20-5-2014-ന് കൂടുകയും സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

**ഭാരതീയ ചികിത്സാ വകുപ്പിന്റെ പ്രസാദം പദ്ധതി**

105 (6810) ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഭാരതീയ ചികിത്സാ വകുപ്പ് നടപ്പിലാക്കുന്ന പ്രസാദം പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(സി) വിദ്യാർത്ഥികളിലെ രക്തക്കുറവ് പാർശ്വഫലരഹിതമായി പരിഹരിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly